# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 1892     10/03/2020-ൽ മറുപടിക്ക്

## സാന്ത്വന ചികിത്സാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീമതി സി.കെ. ആശ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) സാന്ത്വന ചികിത്സക്കും എൽഡർ കെയറിനുമായി പ്രത്യേക സംവിധാനം നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | എ) രോഗ ബാധിതർക്ക് ആശ്വാസവും പരിചരണവും നൽകുന്നതിനായി ഈ സർക്കാർ സാന്ത്വന പരിചരണ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.<br>സർക്കാർ നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങളിൽ ആശുപത്രികളേയും ആരോഗ്യ കേന്ദ്രങ്ങളേയും വയോജന സൗഹൃദമാക്കുക എന്നതുമാണ്.<br>സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വയോജന ആരോഗ്യ പദ്ധതിയിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡർലിയിലൂടെയും സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനം, പ്രധാന ആശുപത്രികളിൽ ജിറിയാട്രിക് വാർഡ് സജ്ജീകരിച്ചുവെന്നതാണ്. പത്ത് കിടക്കകളുള്ള ജിറിയാട്രിക് വാർഡുകൾ ഓരോ ജില്ലയിലേയും പ്രധാന ആശുപത്രികളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആന്റിസ്കിഡ് ടൈലുകൾ, റാമ്പുകൾ, റെയിലുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, വയോജന സൗഹൃദ ഉപകരണങ്ങളും ഫർണിച്ചറുകളും വയോജന വാർഡുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. NPHCE ഫണ്ട് ഉപയോഗിച്ച് ജിറിയാട്രിക് ക്ലിനിക്ക് സംഘടിപ്പിക്കുന്നതിന് കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെയും സ്റ്റാഫ് നഴ്സ്മാരെയും ഫിസിയോ തെറാപ്പിസ്റ്റിനെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ ഫിസിയോ തെറാപ്പി യൂണിറ്റ്, പക്ഷാഘാത പുനഃരധിവാസ യൂണിറ്റും പദ്ധതിയുടെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്. കൃത്രിമ ദന്തങ്ങൾ, ശ്രവണ സഹായികൾ, വൈകല്യങ്ങൾ പരിമിതപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾ ചെയ്യേണ്ട വ്യായാമങ്ങളെക്കുറിച്ചും കഴിക്കേണ്ട ഭക്ഷണ |

| | | | |
|---|---|---|---|
| | | | രീതികളെക്കുറിച്ചും മാർഗ്ഗരേഖ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ശയ്യാവലംബരായ വയോജനങ്ങൾക്ക് സംസ്ഥാനത്ത് സമ്പൂർണ്ണമായി നടപ്പിലാക്കിയ സാന്ത്വന പരിചരണ പദ്ധതി എല്ലാ ആരോഗ്യ തലങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഓട്ടോമേറ്റഡ് ക്യാമറകളുടെ നിരീക്ഷണത്തിൽ സമഗ്രമായ പിന്തുണാസംവിധാനം ഈ മേഖലകളിൽ ഒരുക്കുമോ എന്ന് വ്യക്തമാക്കാമോ; | ബി) & സി) & ഡി) | 2020-21 ബജറ്റ് പ്രസംഗത്തിൽ ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ആയത് നടപ്പാക്കുന്നതിനുള്ള സാങ്കേതിക വശങ്ങൾ പഠിച്ച് നടപ്പാക്കാൻ കഴിയുന്നതാണ്. |
| സി) | രക്തസമ്മർദ്ദം, നാഡിമിടിപ്പ്, ഓക്സിജൻ നില തുടങ്ങി അടിസ്ഥാന ആരോഗ്യസൂചകങ്ങൾ ഓട്ടോമാറ്റിക്കായി ആരോഗ്യകേന്ദ്രങ്ങളിൽ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താമോ; | | |
| ഡി) | നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ കിടപ്പുരോഗികളുടെ അസ്വാഭാവിക ചലനങ്ങളും മറ്റും ഏറ്റവുമടുത്ത സാന്ത്വന കേന്ദ്രത്തിലോ ആരോഗ്യ പ്രവർത്തകനോ ലഭ്യമാക്കുന്നതിന് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്താമോ; ഇത്തരത്തിലുള്ള പദ്ധതി എവിടെയൊക്കെ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ